This question paper contains 4 printed pages]

Roll No. | | | | | | | | | | | |

S. No. of Question Paper : **11502**

Unique Paper Code : **2081002039**

Name of the Paper : **Intermediate Malayalam**

Name of the Course : **AEC**

Semester : **III**

Duration : **2 Hours** Maximum Marks : **60**

*(Write your Roll No. on the top immediately on receipt of this question paper.)*

Attempt all questions.

1. ശരിയായ ഉത്തരം ബ്രാക്കറ്റിൽനിന്നും എടുത്തെഴുതുക

(Choose correct answer in bracket given bellow) 10x 2= 20

(i) Which is the past tense of the verb 'കാണ്'?

(കാണി, കാണുന്നു, കണ്ടു, കാണിച്ചു)

(ii) Which is 'വിധായക പ്രകാരം'?

(വരാം, വന്നു, വരട്ടെ, വരണം)

(iii) Which is 'പാരിമാണിക ഭേദകം'?

(ഒരാൾ, സുന്ദരമായ, കുറുവടി, ഒരു പവൻ സ്വർണം)

(iv) Which is Feminine gender (സ്ത്രീലിംഗം) of 'കർഷകൻ'?

(കർഷിക, കർഷക, കർഷി, കർഷകി)

(v) Which is interrogative sentence (ചോദ്യവാക്യം)?

(ഇന്ന് തണുപ്പുണ്ട്, അവന്റെ പേരെന്ത്?, എന്തൊരു ഭംഗി!, നീ വരണം)

(vi) Which is the negative form (നിഷേധരൂപം) in Malayalam?

(ഉടെ, ഓട്, വേണം, അരുത്)

(vii) What is the correct Malayalam translation of 'He has seen'?

(അവൻ കാണുന്നു, അവൻ കണ്ടുകൊണ്ടിരിക്കുന്നു, അവൻ കണ്ടു, അവൻ കണ്ടിട്ടുണ്ട്)

P.T.O.

(viii) In the sentence "വളരെ ശക്തമായ മഴ", the adjective "വളരെ ശക്തമായ" belongs to which category?
(വിശേഷണ വിശേഷണം, പാരിമാണിക ഭേദകം, വിഭാവക ഭേദകം, സാംഖ്യ ഭേദകം)

(ix) In the sentence "അവൻ നാളെ വരട്ടെ", the verb form "വരട്ടെ" belongs to which category?
(നിർദ്ദേശകപ്രകാരം, അനുജ്ഞായകപ്രകാരം, വിധായകപ്രകാരം, നിയോജകപ്രകാരം,)

(x) Which is the present tense of the verb 'വന്നു'?
(വരും, വരുന്നു, വരവ്, വരണം)

2. Answer all questions 4x5 =20

(i) താഴെ തന്നിരിക്കുന്ന ഏതെങ്കിലും അഞ്ച് ക്രിയാപദങ്ങൾക്ക് സമാനമായ ഇംഗ്ലീഷ് പദങ്ങൾ എഴുതുക (Write an equivalent English words of any five of the following verbs)

(a) കളിക്കുക
(b) നടക്കുക
(c) പറയുക
(d) പാടുക
(e) പഠിക്കുക
(f) ചെയ്യുക
(g) വായിക്കുക

(ii) താഴെത്തന്നിരിക്കുന്ന ഏതെങ്കിലും അഞ്ചു പദങ്ങളുടെ എതിർലിംഗപദങ്ങൾ എഴുതുക (Write the other gender of any five of the following)

(a) അദ്ധ്യാപിക
(b) മകൻ
(c) ഭാര്യ
(d) കൊമ്പനാന
(e) തടിയൻ
(f) പണിക്കാരൻ
(g) അവൾ

(iii) താഴെക്കൊടുത്ത ഏതെങ്കിലും അഞ്ച് ക്രിയാപദങ്ങളുപയോഗിച്ചുകൊണ്ട് വാക്യങ്ങൾ നിർമ്മിക്കുക (Make sentences using any five of the following verbs.)

(a) ഉറങ്ങുക

(b) ഇരിക്കുക

(c) ആടുക

(d) തോൽക്കുക

(e) വീഴുക

(f) ഓടുക

(g) പറക്കുക

(iv) ബ്രാക്കറ്റിനുള്ളിലെ പദങ്ങൾ ശരിയായ പ്രത്യയങ്ങൾ ചേർത്ത് പൂരിപ്പിക്കുക.

(Fill up the blanks with the appropriate form of cases from bracket)

(a) ഊർമ്മിള ---------- കണ്ടു (ലക്ഷ്മണൻ)

(b) കൃഷ്ണൻ ----------- ഉപദേശം നൽകി (അർജുനൻ)

(c) വാല്മീകി ---------- എഴുതി (രാമായണം)

(d) ദശരഥൻ ---------- പറഞ്ഞു (രാമൻ)

(e) ശകുന്തള ----------- മകളാണ് (മേനക)

3. Answer any two 2x10 =20

(i) മലയാളത്തിലെ ചോദ്യവാക്യങ്ങളെക്കുറിച്ച് വിശദീകരിക്കുക?

(Explain about interrogative sentence in Malayalam?)

(ii) മലയാളത്തിലെ ഭേദകങ്ങളെക്കുറിച്ച് വിശദീകരിക്കുക?

(Explain about adjective/ adverb in Malayalam?)

(iii) താഴെക്കൊടുത്ത ഖണ്ഡിക വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?

(Read the passage below and answer the question?)

മലയാള കവിതാചരിത്രത്തിൽ ആധുനിക കവിത്രയം എന്നറിയപ്പെടുന്ന കവികളാണ് എൻ. കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണ മേനോൻ എന്നിവർ.

P.T.O.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് കവിതയെഴുതിത്തുടങ്ങിയ ഈ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിവരെ സജീവമായിരുന്നു. മലയാള കവിതയ്ക്ക് പുതിയ ഭാവുകത്വം നൽകിയത് ഈ കവികളാണ്. ഇവരിൽ എൻ. കുമാരനാശാനാണ് ഏറ്റവും പ്രതിഭാശാലിയായ കവി. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ തുടങ്ങിയ ഖണ്ഡകാവ്യങ്ങളാണ് കുമാരനാശാന്റെ പ്രധാന സംഭാവനകൾ. ഉള്ളൂർ പണ്ഡിതനായ കവി എന്നാണറിയപ്പെടുന്നത്. ഉമാകേരളം എന്ന മഹാകാവ്യം, കർണഭൂഷണം എന്ന ഖണ്ഡകാവ്യം, പ്രേമസംഗീതം എന്ന ലഘുകാവ്യം എന്നിവയാണ് ഉള്ളൂരിന്റെ പ്രധാന കൃതികൾ. അതോടൊപ്പം കേരളസാഹിത്യചരിത്രം എന്ന കൃതി ഉള്ളൂരിന്റെ പ്രധാന സംഭാവനയാണ്. മലയാളത്തിലെ ദേശീയകവി എന്നാണ് വള്ളത്തോൾ അറിയപ്പെടുന്നത്. വള്ളത്തോൾ മഹാകാവ്യവും ഖണ്ഡകാവ്യവും എഴുതിയിട്ടുണ്ടെങ്കിലും ലഘുകവിതകളിലൂടെയാണ് അദ്ദേഹം പ്രസിദ്ധനായത്. എന്റെ ഗുരുനാഥൻ, തോണിയാത്ര, തറവാട്ടമ്മ, മാതൃവന്ദനം തുടങ്ങിയവ വള്ളത്തോളിന്റെ പ്രധാന കവിതകളാണ്.

(a) ആധുനിക കവിത്രയത്തിൽ ഏറ്റവും പ്രതിഭാശാലിയായ കവി ആര്?

(b) ഉള്ളൂരിന്റെ മഹാകാവ്യം ഏത്?

(c) തറവാട്ടമ്മ എന്ന കവിത ആരുടേത്?

(d) പണ്ഡിതനായ കവി ആര് ?

(e) കുമാരനാശാന്റെ കവിതകൾ ഏതെല്ലാം?